പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **150** 01-12-14 - ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഇ. ചന്ദ്രശേഖരൻ:**<br>**ശ്രീ. ഇ. കെ. വിജയൻ:**<br>**ശ്രീ. കെ. അജിത്:**<br>**ശ്രീ. ജി. എസ്. ജയലാൽ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) | കടബാദ്ധ്യത മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായ നിർണ്ണയം നടത്തുന്നതിനും അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു വേണ്ടി പ്രവർത്തിക്കുക എന്നതാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ലക്ഷ്യം. |
| ബി) | പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം മൂലം ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു; ഇതിൽ 2011 മേയ് മാസത്തിനു ശേഷം ആശ്വാസം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | ബി | കടാശ്വാസ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 9891 മത്സ്യത്തൊഴിലാളികളുടെ ഹഡ്കോ ഭവന വായ്പ കുടിശ്ശികയും 46804 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി 31.12.2007 വരെ വിതരണം ചെയ്ത എൻ.സി.ഡി.സി വായ്പ കുടിശ്ശികയും ചേർത്ത് 126,86,09,024 രൂപയുടെ ബാദ്ധ്യത സർക്കാർ പൂർണമായും ഏറ്റെടുത്ത് അവരെ ഋണ മുക്തമാക്കിയിട്ടുണ്ട്. കൂടാതെ കമ്മീഷൻ കടാശ്വാസത്തിന് അർഹത കണ്ടെത്തി നാളിതു വരെ 6 ഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശുപാർശ ചെയ്തിട്ടുമുണ്ട്. ഇതിൽ 2011 മെയ് മാസത്തിന് ശേഷം മത്സ്യഫെഡ് മുഖേന 218 മത്സ്യത്തൊഴിലാളികൾക്കും, സഹകരണ വകുപ്പു മുഖേന 38,304 മത്സ്യത്തൊഴിലാളികൾക്കും കടാശ്വാസം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകി കാത്തിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം വെളിപ്പെടുത്തുമോ; | സി) | 31.06.2013 വരെ കടാശ്വാസത്തിനായി 1,29,606 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഇപ്പോഴത്തെ കമ്മീഷൻ നിലവിൽ വന്ന ശേഷം ശുപാർശ ചെയ്ത 39460 കടങ്ങൾ ഉൾപ്പെടെ നാളിതു വരെയായി 6 ഘട്ടങ്ങളിലായി 66363 വായ്പകളിൻമേൽ കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്. |
| ഡി) | നിലവിലുള്ള കമ്മീഷന്റെ കാലാവധി അവസാനിക്കുന്നതെപ്പോഴാണ്; പുതിയ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി) | നിലവിലുള്ള കമ്മീഷന്റെ കാലാവധി 27.03.2015-ൽ അവസാനിക്കുന്നതാണ്. പുതിയ കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ